പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3823 17.12.2015-ൽ മറുപടിക്ക്

## വേണാട്-എൽ.എസ് ന് പൂവണത്തുംമൂട് സ്റ്റോപ്പ് അനുവദിക്കൽ

| ചോദ്യം | | | ഉത്തരം |
|---|---|---|---|
| ശ്രീ. കെ. രാജു : | | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) |
| (എ) | കുളത്തുപ്പുഴ -കൊല്ലം റൂട്ടിൽ ചെയിൻ സർവ്വീസ് നടത്തുന്ന വേണാട്-ലിമിറ്റഡ് സ്റ്റോപ്പ് ബസ്സിന് പൂവണത്തുംമൂട് സ്റ്റോപ്പ് അനുവദിച്ചുകൊണ്ട് കെ.എസ്.ആർ.ടി.സി ഉത്തരവ് പുറപ്പെടുവിച്ചിട്ട് ഒരു വർഷത്തിലേറെ ആയെങ്കിലും ആയത് നടപ്പിൽ വരുത്താത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ; | (എ) യും (ബി) യും (സി) യും | കൊല്ലം - കുളത്തുപ്പുഴ റൂട്ടിലെ പൂവണത്തുംമൂട് എന്ന സ്ഥലത്ത് 20.05.2014-ന് പരീക്ഷണാർത്ഥം കെ.എസ്.ആർ.ടി.സി.യുടെ ലിമിറ്റഡ് സ്റ്റോപ്പ് ഓർഡിനറി സർവ്വീസിന് റിക്വസ്റ്റ് സ്റ്റോപ്പ് അനുവദിക്കുകയുണ്ടായി. 65 കിലോമീറ്റർ ദൈർഘ്യമുള്ള കൊല്ലം-കുളത്തുപ്പുഴ റൂട്ടിൽ ടി സർവ്വീസിന് അനുവദിച്ചിരിക്കുന്ന സമയപരിധി രണ്ട് മണിക്കൂർ 10 മിനിട്ട് ആണ്. ടി ദൂരത്തിൽ 26 ഫെയർ സ്റ്റേജുകളും, 44 സ്റ്റോപ്പുകളും അനുവദിച്ചിട്ടുള്ളതിൽ അധികമായിട്ടാണ് പരീക്ഷണാർത്ഥം പൂവണത്തുംമൂട്ടിലും സ്റ്റോപ്പ് അനുവദിച്ചത്. തൽഫലമായി സർവ്വീസിന്റെ സമയകൃത്യത പാലിക്കുവാൻ കഴിയാതെ വരികയും, യാത്രക്കാർക്ക് ടി സർവ്വീസിൽ യാത്ര ചെയ്യുവാനുള്ള താൽപര്യം കുറയുകയും ചെയ്ത സ്ഥിതി വിശേഷം സംജാതമാകുകയും, കൂടാതെ ടി റൂട്ടിലെ മറ്റ് സ്ഥലങ്ങളിലും സ്റ്റോപ് അനുവദിക്കണമെന്ന ആവശ്യം ഉയർന്ന് വരികയും ചെയ്ത സാഹചര്യത്തിലാണ് കെ.എസ്.ആർ.ടി.സി.ക്ക് പൂവണത്തുമൂട്ടിലെ സ്റ്റോപ്പ് പ്രാബല്യത്തിൽ വരുത്തുവാൻ കഴിയാത്തത്. ഈ വിഷയത്തിൽ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും യാതൊരു വീഴ്ചയും ഉണ്ടായിട്ടില്ലെന്ന് കെ.എസ്.ആർ.ടി.സി, ചെയർമാൻ & മാനേജിംഗ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. |
| (ബി) | ഇത് സംബന്ധിച്ച് ഗതാഗതവകുപ്പ് മന്ത്രിയുടെ നിർദ്ദേശപ്രകാരം സ്ഥലം എം.പി നൽകിയ ഉറപ്പ് പാലിക്കപ്പെടാതിരിക്കുന്നതിന്റെ സാഹചര്യം വിശദമാക്കുമോ; കെ.എസ്.ആർ.ടി.സി നൽകിയ ഉത്തരവ് പ്രകാരം പ്രസ്തുത സ്റ്റോപ്പ് എന്നുമുതൽ നിലവിൽ വരും എന്ന് വ്യക്തമാക്കുമോ; | | |
| (സി) | പ്രസ്തുത വിഷയത്തിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർ ആരെല്ലാമാണെന്നും അവർക്കെതിരെ സ്വീകരിച്ച നടപടികൾ ഏന്തെല്ലാമാണെന്നും വിശദമാക്കുമോ? | | |

സെക്ഷൻ ഓഫീസർ